# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2800

14/12/2015-ലെ
മറുപടിയ്ക്ക്

## പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ എം.എൽ.എ | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | പെരിങ്ങോട്ടുകുറിശ്ശി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടുത്ത അധ്യയന വർഷം മുതൽ പ്ലസ് വൺ ക്ലാസ്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ; | (ബി), (സി) & (ഡി) | കുഴൽമന്ദം(പെരിങ്ങോട്ടുകുറിശ്ശി) എം.ആർ.എസ്സിൽ +1 ക്ലാസ്സുകൾ ആരംഭിക്കുന്നതിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. (ക്ലാസ്സ് റൂമുകളിലേക്കാവശ്യമായ ഫർണിച്ചർ, ഹോസ്റ്റലിലേക്കാവശ്യമായി വരുന്ന ഫർണിച്ചർ മുതലായവ). ഹയർസെക്കന്ററി ആരംഭിക്കുന്നതിന് ക്ലാസ്സുകൾക്കാവശ്യമായ സ്ഥലം, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നിലവിലുണ്ട്. നിലവിൽ ഹൈസ്ക്കൂൾ ലാബിന് അനുമതി നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി വിഭാഗം ആരംഭിക്കുന്നതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഏതെല്ലാം ഗ്രൂപ്പുകളാണ് ആരംഭിക്കാൻ ശിപാർശ ചെയ്തിട്ടുള്ളതെന്നും ഓരോ ഗ്രൂപ്പിലും എത്ര കുട്ടികൾക്ക് വീതം പ്രവേശനം ലഭിക്കുമെന്നും വ്യക്തമാക്കുമോ ; | | |
| (ഡി) | പ്രസ്തുത ക്ലാസ്സുകൾക്കാശ്യമായ സ്ഥലം, ഹോസ്റ്റൽ, ലബോറട്ടറി, അധ്യാപകർ എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | | |

Bal... K.T
സെക്ഷൻ ഓഫീസർ